കൊടുക്കാമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. 14 ഓഫീസുകളുടെ കാര്യത്തിൽ ഏപ്രിൽ മാസത്തോടുകൂടി 4 ഓഫീസുകളിൽ പൂർത്തിയാകും. ബാക്കി അടുത്ത ഏതാനും മാസങ്ങൾക്കകം പൂർത്തിയായിക്കഴിയുമ്പോൾ മറ്റ് ഓഫീസുകളിൽ ചെയ്യുന്നതിനുള്ള ഫണ്ട് കണ്ടെത്തേണ്ടതായിട്ടുണ്ട്. ആ കാര്യവും ഗവൺമെന്റ് സജീവമായി പരിഗണിച്ച് ഘട്ടംഘട്ടമായി മുഴുവൻ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : മുദ്രപ്പത്രവില തട്ടിപ്പ് തടയുന്നതിനു വേണ്ടി ഫെയർ വാല്യു ഫിക്സ് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നതായിട്ടാണ് അങ്ങ് ഇപ്പോൾ പറഞ്ഞത്. ഫെയർ വാല്യു ഫിക്സ് ചെയ്യുന്നതിനുവേണ്ടി ഏതുതരം സംവിധാനം ഏർപ്പെടുത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. പി.ജെ. ജോസഫ്</u> : അതിനുവേണ്ടി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിർദ്ദേശിച്ചിരുന്നു. ആ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ആ ശുപാർശകൾ മന്ത്രിസഭ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. യഥാർത്ഥത്തിലുള്ള വില അവിടെ ഓരോ പ്രദേശത്തേയും സർവ്വേ നമ്പരുടെ യഥാർത്ഥ വില എത്രയെന്ന് ആ നാട്ടിലുള്ള ആളുകൾക്കറിയാം. അതുകൊണ്ട് ജനപ്രതിനിധികളോടും കൂടി കൺസൾട്ട് ചെയ്താവും ആ വില ഫിക്സ് ചെയ്യുക. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലാണ് ഇത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : നമ്മുടെ സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ പലതും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി കെട്ടിടങ്ങളുള്ള ഓഫീസുകൾ കുറച്ചു കുറവാണെന്നാണ് തോന്നുന്നത്. എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും സ്വന്തമായ കെട്ടിടത്തിലേക്ക് മാറ്റുന്നതിലേക്ക് ആവശ്യമായിട്ടുള്ള നിർമ്മാണ പ്രവർത്തനം നടത്താനായിട്ട് പ്രത്യേക നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : ഈ വർഷം പുതുതായിട്ട് 5 കെട്ടിടങ്ങൾ തീർത്തു. പെരിങ്ങോം കെട്ടിടം തീർത്തിരിക്കുന്നു. അടുത്തയാഴ്ച ഉദ്ഘാടനം ചെയ്യുകയാണ്. കൂടുതൽ കെട്ടിടങ്ങൾ പണിയുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

4 (*94) വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> :

<u>ശ്രീമതി എൻ.കെ. രാധ</u> :

<u>ശ്രീ. സെബാസ്റ്റ്യൻ പോൾ</u> :

<u>ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള പദ്ധതികൾക്ക് പുറമേ വിദ്യാഭ്യാസ മേഖലയിൽ പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്കൂളുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന് പ്രാമുഖ്യം നൽകുന്നതിന്റെ ഭാഗമായി ഇതിനകം എത്ര സ്കൂളുകളിൽ കമ്പ്യൂട്ടർ പഠനം നിർബന്ധമാക്കിയിട്ടുണ്ടെന്ന് പറയുമോ;

(ഡി) കമ്പ്യൂട്ടർ പഠനം നിർബന്ധമാക്കിയതിന്റെ ഭാഗമായി സംസ്ഥാനത്തെ എത്ര സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങിച്ചിട്ടുണ്ട്;

(ഇ) കമ്പ്യൂട്ടർ ഇല്ലാത്ത സ്കൂളുകളിൽ കമ്പ്യൂട്ടർ വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) സ്കൂളുകളിൽ കമ്പ്യൂട്ടർ പഠിപ്പിക്കുന്നതിന് അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകാനുദ്ദേശമുണ്ടോ;

(ജി) പ്രൈമറിതലം മുതൽ കമ്പ്യൂട്ടർ പഠനം നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട പദ്ധതികളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

1) ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി (ഡി.പി.ഇ.പി.)
2) ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് സ്കീം.
3) ഇംപ്രൂവ്മെന്റ് ഓഫ് സയൻസ് എഡ്യൂക്കേഷൻ സ്കീം.
4) എഡ്യൂക്കേഷൻ ടെക്നോളജി സ്കീം.
5) ഏരിയാ ഇന്റൻസീവ് പ്രോഗ്രാം.
6) ജില്ലാ വിദ്യാഭ്യാസ പരിശീലന പരിപാടി (ഡയറ്റ്)
7) വികലാംഗ വിദ്യാർത്ഥികൾക്കായുള്ള സംയോജിത വിദ്യാഭ്യാസ പരിപാടി (ഐ.ഇ.ഡി.)
8) സ്റ്റേറ്റ് ഓപ്പൺ സ്കൂൾ പദ്ധതി
9) മഹിള സമാഖ്യ പദ്ധതി
10) സ്കൂൾ കമ്പ്യൂട്ടർ എഡ്യൂക്കേഷൻ പ്രോഗ്രാം.
11) സാധാരണ കഴിവുള്ള കുട്ടികളെ കണ്ടെത്തുകയും അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതി.
12) സ്കൂൾ ക്ലബുകളുടെ പുനരുദ്ധാരണം.
13) കലാ സാംസ്കാരിക രംഗത്ത് അതീവ സാമർത്ഥ്യം പ്രകടിപ്പിക്കുന്ന നിർദ്ധനരായ കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.
14) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പത്താം തരത്തിൽ പഠിക്കുന്ന കുട്ടികൾക്ക് സ്വകാര്യ ട്യൂഷൻ സമ്പ്രദായം.
15) ഉച്ച ഭക്ഷണ പരിപാടി.
16) ക്വാളിറ്റി ഇമ്പ്രൂവ്മെന്റ് പ്രോഗ്രാം.
17) പ്രൈമറി/സെക്കന്ററി സ്കൂളുകളിൽ പ്രവൃത്തിപരിചയ പരിശീലന പരിപാടി

LIBRARY ARCHIVES Kerala Legislative Assembly

18) സ്കൂൾ വിദ്യാർത്ഥികളുടെ പഠന വൈകല്യം പരിഹരിക്കുന്നതിനുള്ള സ്കീം.

19) സ്കൂൾ കായിക വിദ്യാഭ്യാസ പരിപാടി

20) സ്കൂൾ കുട്ടികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (ക്രമ നമ്പർ 1-9 വരെയുള്ളത് കേന്ദ്രാവിഷ്കൃത പദ്ധതികളാണ്. മറ്റുള്ളവ സംസ്ഥാന പദ്ധതികളും.)

(ബി) ഹൈസ്കൂളുകളിലും ഹയർ സെക്കന്ററി സ്കൂളുകളിലും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും കുട്ടികളെ ആധുനിക സാങ്കേതിക വിദ്യയുമായി പരിചയപ്പെടുത്തുന്നതിനുമായി വിപുലമായ കമ്പ്യൂട്ടർ വിദ്യാഭ്യാസ പദ്ധതി അടുത്ത വർഷം മുതൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിന് നേതൃത്വം കൊടുക്കുന്നതിനായി സംസ്ഥാന വിദ്യാഭ്യാസ സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു കഴിഞ്ഞു. ആവശ്യമായ സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനും അദ്ധ്യാപകർ കമ്പ്യൂട്ടർ ഉപയോഗിച്ച് പഠിപ്പിക്കാൻ പരിശീലനം നൽകുന്നതിനുമുള്ള സജ്ജീകരണങ്ങൾ ചെയ്തുവരുന്നു. കൂടാതെ പുതിയ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാന ഓപ്പൺ സ്കൂളിന്റെ കീഴിൽ ഉചിതമായ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

(സി&ഡി) സംസ്ഥാനത്ത് 517 ഹൈസ്കൂളുകളിൽ 8,9,10 എന്നീ ക്ലാസ്സുകളിൽ നിന്നും തെരഞ്ഞെടുത്ത കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നടപ്പിലാക്കിയിട്ടുണ്ട്. ഇതിലേക്കായി കമ്പ്യൂട്ടറുകളും പ്രിന്ററുകളും പ്രസ്തുത സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ പഠനം നിർബന്ധമായിക്കിട്ടില്ല.

(ഇ) പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് എല്ലാ സ്കൂളുകളിലും കമ്പ്യൂട്ടർ വാങ്ങുവാനുള്ള പദ്ധതി പരിഗണനയിലുണ്ട്.

(എഫ്) ഉണ്ട്.

(ജി) പ്രൈമറി തലം മുതൽ കമ്പ്യൂട്ടർ പഠനം നിർബന്ധമാക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : സർ, കാലികവും വിപ്ലവകരവുമായ മാറ്റങ്ങളാണ് വിദ്യാഭ്യാസ മേഖലയിൽ ഉടനീളം നടന്നുകൊണ്ടിരിക്കുന്നത്. പുതിയ പാഠ്യക്രമം അനുസരിച്ച് നിർദ്ദേശിച്ച രീതിയിൽ ഈ പാഠ്യക്രമ പദ്ധതി നടപ്പിലാക്കിയിട്ടുള്ള എല്ലാ സ്കൂളുകളിലും വളരെ ഗുണപരമായ മാറ്റങ്ങൾ കണ്ടിട്ടുണ്ട്. പുതിയ പാഠ്യക്രമമനുസരിച്ചുള്ള വിദ്യാഭ്യാസ രീതി പ്രൈമറി തലത്തിൽ കൃത്യനിഷ്ഠയോടുകൂടി നടപ്പിലാക്കുന്നുണ്ടോ എന്നൊരു പരിശോധന വളരെ അത്യാവശ്യമാണ്. അത്തരത്തിലൊരു പരിശോധന നടത്തിക്കൊണ്ട് നിർദ്ദേശിച്ച രീതിയിൽ ഈ പാഠ്യക്രമം തുടരുന്നു എന്ന് ഉറപ്പുവരുത്താൻ സർക്കാർ സമീപനം സ്വീകരിക്കുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : അതിനുള്ള പഠനം നടത്തിക്കൊണ്ടാണിരിക്കുന്നത്. മിക്കവാറും എല്ലാ സ്കൂളുകളിലും സഹവാസ ക്യാമ്പുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കുറേ സ്കൂളുകളിൽ ഞാൻ പോകുകയും 1,2,3,4 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുമായി സംസാരിക്കുകയും ചെയ്തു. അവർക്ക് മലയാളഭാഷയിൽ എന്തുമാത്രം കഴിവുണ്ട് എന്നുള്ളതിനെക്കുറിച്ച് അറിയാൻ കഴിഞ്ഞു. രണ്ടാം ക്ലാസ്സിലെത്തുമ്പോൾ മലയാളം നന്നായി എഴുതാൻ കുട്ടികൾ പഠിക്കുന്നു എന്നുള്ളത് വസ്തുതയാണ്. എട്ടു ജില്ലകളിൽ ഒന്നും രണ്ടും ക്ലാസ്സുകളിൽ പുതിയ പാഠ്യപദ്ധതി നടപ്പാക്കിയതിൽ ഒന്നും രണ്ടും ക്ലാസ്സിലെ കുട്ടികൾ രണ്ടാം ക്ലാസ്സിലെത്തുമ്പോൾ മലയാളം നന്നായി

LIBRARY ARCHIVES Kerala Legislative Assembly

എഴുതുന്നവരാണ്. പഴയ രീതിയിൽ പഠിച്ചിട്ടുള്ള മൂന്നാം ക്ലാസ്സിലുള്ള കുട്ടികൾ അത്തരത്തിൽ എത്തിയിട്ടില്ല. വൈക്കത്ത് ഒരു സ്കൂളിൽ കഴിഞ്ഞ ദിവസം ഞാൻ പോയി. അവിടെ ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന സാന്ദ്ര എന്ന കുട്ടി പക്ഷി, മരം തുടങ്ങിയ വാക്കുകൾ നന്നായിട്ട് എഴുതി. രണ്ടാം ക്ലാസ്സിലെ കുട്ടിയും എഴുതി. മൂന്നാം ക്ലാസ്സിലെ കുട്ടി മൂന്നു വാക്കുകളെഴുതിയതിൽ മൂന്നു വാക്കും തെറ്റിച്ചു. പഴയ രീതിയിൽ പഠിച്ചതാണ്. പുതിയ രീതിയിൽ പഠിച്ച കുട്ടി രണ്ടാം ക്ലാസ്സിലെത്തുമ്പോൾ മലയാളം നന്നായി എഴുതുന്നു. മറ്റു വിഷയങ്ങളിലേക്കും അത്തരത്തിൽ അവർ പ്രാഗത്ഭ്യം നേടുന്നു എന്ന് തെളിഞ്ഞുകൊണ്ടിരിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

5 (*95) യു.ജി.സി. സ്കീം അനുസരിച്ചുള്ള വ്യവസ്ഥകൾ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ജോർജ്ജ് ജെ. മാത്യു :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യു.ജി.സി. സ്കീം അനുസരിച്ച് ശമ്പള പരിഷ്ക്കരണം നടത്തിയതിന്റെ വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു;

(ബി) ഈ വ്യവസ്ഥകൾ അനുസരിച്ച് കോളേജ് അദ്ധ്യാപകർക്ക് വരുന്ന അധിക കർത്തവ്യങ്ങൾ എന്തെല്ലാമാണ്;

(സി) അവർ ശനിയാഴ്ചകളിൽക്കൂടി ജോലി ചെയ്യണമെന്ന കാര്യം ശമ്പളപരിഷ്ക്കരണം സംബന്ധിച്ച വ്യവസ്ഥകളുടെ ഭാഗമായിരുന്നുവോ;

(ഡി) എങ്കിൽ ശനിയാഴ്ചയും ജോലി ചെയ്യണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ;

(ഇ) എങ്കിൽ അതനുസരിച്ച് എല്ലാ അദ്ധ്യാപകരും ശനിയാഴ്ച ജോലി ചെയ്യുന്നുണ്ടോ;

(എഫ്) ശനിയാഴ്ച ജോലി ചെയ്യാത്ത അദ്ധ്യാപകരുടെ മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ജി) യു.ജി.സി. സ്കെയിലും സ്കീമും നടപ്പിലാക്കുമ്പോൾ പ്രതിവർഷം സംസ്ഥാനത്തുണ്ടാകുന്ന അധിക ചെലവ് എത്രരൂപയാണ്;

(എച്ച്) അധിക ചെലവിന് യു.ജി.സി.യിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായം എത്രയെന്നും എത്രകാലം ഈ സഹായം ലഭിക്കുമെന്നും വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly